എഞ്ചിനീയറിംഗ് കോളേജുകളെ വികസന പ്രവർത്തനങ്ങൾക്കും നിലവാരമുയർത്തുന്നതിനുമായി തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുടെ 80 ശതമാനം തുക ലോക ബാങ്ക് നൽകും. ഇത് 30:70 എന്ന അനുപാതത്തിൽ ഗ്രാന്റും ലോണും ആയാണ് നൽകുന്നത്.

(സി) 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തുക വിനിയോഗിച്ചിട്ടില്ല. 7 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയതു പ്രകാരം ഒരു സ്പെഷ്യൽ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടിലേക്ക് തുക മാറ്റിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾക്ക് ചെലവ് നടത്തുന്നതിനാവശ്യമായ തുക അതിൽ നിന്ന് നൽകുന്നതാണ്.

(ഡി ആന്റ് ഇ) പദ്ധതി നടത്തിപ്പ് അതിന്റെ പ്രാരംഭ ഘട്ടത്തിലാണ്.

എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപക നിയമനത്തിലെ തടസ്സങ്ങൾ ഒഴിവാക്കാൻ നടപടി

119 [3009] ശ്രീ. സി. മോയിൻകുട്ടി :

,, പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ 2001-02, 2002-03, 2003-04, 2004-05 എന്നീ വിദ്യാഭ്യാസ വർഷങ്ങളിൽ വിവിധ ബ്രാഞ്ചുകളിലായി താല്ക്കാലിക, സ്ഥിര, ഗസ്റ്റ് ലക്ചറർ തസ്തികകളിലായി എത്ര അദ്ധ്യാപകരെ വീതം ഓരോ ബ്രാഞ്ചുകളിലും നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം നിയമിക്കപ്പെടുന്ന അദ്ധ്യാപകരുടെ നിയമന ഉത്തരവുകളും അനുബന്ധ രേഖകളും ഗവൺമെന്റിലേക്കോ യൂണിവേഴ്സിറ്റിയിലേക്കോ നിശ്ചിത സമയത്തിനകം അയച്ച് അംഗീകാരം വാങ്ങണമെന്ന് നിബന്ധനയുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇപ്രകാരം വിവിധ ബ്രാഞ്ചുകളിൽ നിയമനം ലഭിച്ച എത്ര അദ്ധ്യാപകരുടെ നിയമന ഉത്തരവുകളും മറ്റ് അനുബന്ധ രേഖകളും ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷനിലോ യൂണിവേഴ്സിറ്റിയിലോ ലഭിച്ചിട്ടുണ്ട്;

(ഡി) ഇല്ലെങ്കിൽ ഇവ ലഭ്യമാക്കാതിരിക്കാനുള്ള കാരണത്തെപ്പറ്റി വിശദമായ അന്വേഷണം നടത്തുമോ;

(ഇ) 2001-02 അദ്ധ്യയന വർഷം മുതൽ 2004-05 വരെയുള്ള 4 അദ്ധ്യയന വർഷങ്ങളിൽ നിയമിതരായ മുഴുവൻ അദ്ധ്യാപകരുടെയും നിയമന ഉത്തരവുകളും അനുബന്ധ രേഖകളും അടിയന്തിരമായി ഗവൺമെന്റിലേക്കോ, യൂണിവേഴ്സിറ്റിയിലേക്കോ ലഭ്യമാക്കാനും മാനദണ്ഡങ്ങൾക്കനുസരിച്ച് നടത്തിയ മുഴുവൻ നിയമനങ്ങൾക്കും അംഗീകാരം നൽകാനും അദ്ധ്യാപകരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യാനും നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ നിയമനങ്ങൾ നടത്തുമ്പോൾ പ്രസ്തുത നിയമനങ്ങൾക്ക് സമയബന്ധിതമായി ഗവൺമെന്റിന്റെയോ യൂണിവേഴ്സിറ്റിയുടെയോ അനുവാദം വാങ്ങിയിരിക്കണമെന്ന് ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകുവാൻ ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ കർശന നിർദ്ദേശം നൽകുമോ;

(ജി) സാങ്കേതിക കാരണങ്ങളാൽ 2003-04, 2004-05 അദ്ധ്യയന വർഷത്തിന് മുമ്പ് നിയമനം ലഭിച്ച എത്ര അദ്ധ്യാപകരുടെ നിയമനോത്തരവുകളും അനുബന്ധ രേഖകളും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് (ഡി. റ്റി. ഇ.) ലഭിച്ചിട്ടില്ലെന്ന് പറയാമോ;

(എച്ച്) ഇപ്രകാരമുള്ള സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2001-02-ൽ നിയമനം നടത്തിയ തസ്തികകളുടെ എണ്ണം താഴെ കൊടുക്കുന്നു:

ബ്രാഞ്ച്

സിവിൽ	-	6
മെക്കാനിക്കൽ	-	6
ഇലക്ട്രിക്കൽ	-	2
ഇലക്ട്രോണിക്സ്	-	1
കമ്പ്യൂട്ടർ സയൻസ്	-	4
ആകെ		19

2002-03-ൽ നിയമനം നടത്തിയിട്ടില്ല. 2003-04-ൽ നിയമനം നടത്തിയത്:

ബ്രാഞ്ച്

സിവിൽ	-	4
ഇലക്ട്രോണിക്സ്	-	3
മെക്കാനിക്കൽ	-	5
കമ്പ്യൂട്ടർ സയൻസ്	-	2
ജിയോളജി	-	1
മാത്തമാറ്റിക്സ്	-	3
ആകെ		18

2004-05-ലെ നിയമനത്തെപ്പറ്റിയുള്ള വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിശ്ചിത സമയപരിധി നിർണ്ണയിച്ചിട്ടില്ല.

(സി) 2001-02-ലെ എല്ലാ ബ്രാഞ്ചിലെ നിയമനങ്ങൾക്കും ഡി.ടി.ഇ.-യുടെ അംഗീകാരം കിട്ടിയിട്ടുണ്ട്. യൂണിവേഴ്സിറ്റിയുടെ അംഗീകാരം കമ്പ്യൂട്ടർ സയൻസിലെ ഒരാൾക്ക് ഒഴികെ മറ്റുള്ളവർക്കെല്ലാം ലഭിച്ചിട്ടുണ്ട്. 2002-03-ൽ നിയമനം നടത്തിയിട്ടില്ല. 2003-04-ൽ നിയമിച്ച 18 നിയമനങ്ങളിൽ 6 എണ്ണത്തിന് യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തിന് അയച്ചിട്ടുണ്ട്. 12 എണ്ണം അംഗീകാരത്തിനായി അവശേഷിക്കുന്നു.

(ഡി) പരിശോധിക്കാവുന്നതാണ്.

(ഇ) നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ജി) 2002-03-ൽ നിയമനം നടത്തിയിട്ടില്ല. 2001-02-ലെ എല്ലാ നിയമനങ്ങൾക്കും ഡി.റ്റി.ഇ.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(എച്ച്) എല്ലാവിധ സാങ്കേതിക തടസ്സങ്ങളും ഒഴിവാക്കാൻ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

കേരള സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിലെ വിവിധ തസ്തികയിലെ നിയമനങ്ങൾ കൃാൻസൽ ചെയ്യാൻ നടപടി

120 [3010] ശ്രീ. കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ ഡെപ്യൂട്ടി ഡയറക്ടറുടെ നിയമനം നടത്തുവാൻ ആർക്കാണ് അധികാരം നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ; ഇപ്പോൾ നിലവിലുള്ള ഡെപ്യൂട്ടി ഡയറക്ടറെ ഈ മാനദണ്ഡമനുസരിച്ചാണോ നിയമിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ടിക്കറ്റ് കൗണ്ടർ അസിസ്റ്റന്റ് ആയി നിയമനം നൽകുവാൻ നോട്ടിഫിക്കേഷനിൽ പറഞ്ഞിട്ടുള്ള യോഗ്യതകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; നോട്ടിഫിക്കേഷനിൽ പറഞ്ഞിട്ടുള്ള യോഗ്യതയുള്ള ആളിനെയാണോ ഇപ്പോൾ നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; എന്ത് മാനദണ്ഡമനുസരിച്ചാണ് നിയമനം നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(സി) റിസപ്ഷനിസ്റ്റ് ആയി നിയമനം ലഭിക്കുന്നതിന് നോട്ടിഫിക്കേഷനിൽ ഉയർന്ന പ്രായപരിധി നിശ്ചയിച്ചിരുന്നുവോ; എങ്കിൽ എത്രയാണ്; നോട്ടിഫിക്കേഷനിൽ പറഞ്ഞിട്ടുള്ള പ്രായപരിധിയിൽ ഉള്ള ആളിനാണോ ഇപ്പോൾ നിയമനം നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

LIBRARY ARCHIVES Kerala Legislative Assembly